മൊബൈൽ (Mobile) മെഡിക്കൽ യൂണിറ്റ്.

* 1641. [11] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ എത്ര മൊബൈൽ (Mobile) മെഡിക്കൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നുണ്ട്;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ എന്ന ക്രമത്തിൽ പ്രവർത്തിക്കണമെന്നു വ്യക്തമായി നിർദ്ദേശം ഗവണ്മെൻറ് നൽകിയിട്ടുണ്ടോ;

(സി) തിരുവനന്തപുരം കേന്ദ്രമാക്കി നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽ പോയി പ്രവർത്തനം നടത്തുവാൻ നിയോഗിക്കപ്പെട്ട വാൻ വർക്ഷോപ്പിൽ കയറിയിട്ട് എത്ര കാലമായി;

(ഡി) പ്രവർത്തനം നിലച്ചിരുന്ന കാലഘട്ടത്തിലേയ്ക്ക് പ്രസ്തുത യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടുണ്ടോ; ഓരോ യൂണിറ്റിലും എത്ര ജീവനക്കാരാണുള്ളത്;

(ഇ) ഈ യൂണിറ്റ് സംഘടിപ്പിച്ചതെന്നാണ്; അതുകെ വർക്ഷോപ്പിൽ എത്രകാലം ഈ വാൻ കയറിയിട്ടിരുന്നു;

(എഫ്) തിരുവനന്തപുരം യൂണിറ്റിലെ മോബൈൽ വാനിന്റെ വിലയെന്താണ്; വർക്ഷോപ്പിൽ അതുകെ ഈ വാനിന് ഇതേവരെ ചെലവായിട്ടുള്ള തുകയെന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) രണ്ട്.

(ബി) ഉണ്ട്.

(സി) 9-4-59-ൽ വാൻ റിപ്പയർ ചെയ്യുന്നതിനു വർക്ഷോപ്പിലേയ്ക്ക് അയച്ചു.

(ഡി) ഉണ്ട്; അതു്; ഡോക്ടർ, കമ്പൗണ്ടർ, മെഡിക്കൽ അറൻഡർ ഡ്രൈവർ, ക്ലീനർ, മീനിയൽ സർവൻറ്.

(ഇ) 1953-54-ൽ. വിവരം ലഭിച്ചിട്ടില്ല.

(എഫ്) 13,217 രൂപ. വിവരം ലഭിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രണ്ടു വാനും പുതിയതു വാങ്ങിച്ചതാണോ?

ശ്രീ. പി. കെ. ചാത്തൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: രണ്ടു വാനും ഇപ്പോൾ വർക്ഷോപ്പിലാണെന്നു അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: അറിയാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ വാൻ കുട്ടിത്തുടങ്ങിയതു വർക്ഷോപ്പിലാണ് കിടന്നിട്ടുള്ളതെന്നു അറിയാമോ?

ശ്രീ. പി. കെ. ചാത്തൻ: അങ്ങനെ തിട്ടമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ വാൻ പലപ്പോഴും റിപ്പയറിൽ ആയിരിക്കുന്നതുകൊണ്ട് തക്കസമയത്തു മരുന്നുകളും നെടുമങ്ങാട്ടും, നെയ്യാറ്റിൻകരയും എത്തിക്കുന്നില്ലെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ചാത്തൻ: റിപ്പയറിൽ ഇരിക്കുന്ന സമയത്തു് മരുന്നു എത്തിക്കാൻ വിഷമം വരുന്നുണ്ടു്. നല്ല രീതിയിൽ ഈ ചികിത്സാസമ്പ്രദായം നടത്താൻ ശ്രമിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: രണ്ടു പുതിയ വാൻ വാങ്ങി ഈ ചികിത്സാ സമ്പ്രദായം നടത്താൻ ഗവണ്മെൻറു ശ്രമിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: വാൻ നന്നാക്കാൻ സാധിക്കുകയില്ലെന്നു വർക്ഷാപ്പിൽനിന്നു വിവരം കിട്ടിയാൽ ആ വാനുകൾ മാറാൻ ശ്രമിക്കാം.

പ്രവർത്തനമാരംഭിക്കാതെ ഇട്ടിരിക്കുന്ന ആശുപത്രി.

* 1642. [12] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ആശുപത്രികൾക്കുവേണ്ടി കെട്ടിടംപണി പൂർത്തിയാക്കിയിട്ടും (സർക്കാരോ, സഹകാരിവ്യക്തികളോ) ഉൽഘാടനം ചെയ്യാതെയും പ്രവർത്തനമാരംഭിക്കാതെയും എത്രയിടങ്ങളിൽ വൃഥാ ഇട്ടിരിക്കുന്നു;

(ബി) കോതമംഗലത്തു് ഗവണ്മെൻറാശുപത്രിയോടനുബന്ധിച്ചു രു കെട്ടിടം പഞ്ചായത്തിൽനിന്നും കെട്ടിച്ചുതന്നിട്ടു് എത്ര കാലമായി;

(സി) എന്തുകൊണ്ടാണു് ഈ വാർഡുകൾ ഉൽഘാടനം ചെയ്തു് രോഗികൾക്കു് പ്രയോജനകരമാക്കിത്തീർക്കാത്തതു്;

(ഡി) കോതമംഗലം ആശുപത്രിയിൽ പ്രതിദിനം എത്ര രോഗികൾ ഇപ്പോൾ ചികിത്സയ്ക്കായി വരുന്നു;

(ഇ) ഈ ആശുപത്രിയിൽ എത്ര ഡാക്ടർമാരുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ചില പ്രത്യേക കാരണങ്ങളാൽ താഴെപ്പറയുന്ന വാർഡുകളിലും ഡിസ്പെൻസറി കെട്ടിടങ്ങളിലും പ്രവർത്തനമാരംഭിച്ചിട്ടില്ല:—

(1) കോതമംഗലം ഡിസ്പെൻസറി—ഒരു വാർഡു്.
(2) കാവിലങ്ങാടു് പ്രൈമറി ഹെൽത്തു യൂണിറ്റു്—ഒരു വാർഡു്.
(3) മുളന്തുരുത്തി ഡിസ്പെൻസറി—ഒരു വാർഡു്.
(4) പുഴനാടു് ഡിസ്പെൻസറി—കെട്ടിടം.
(5) പൂവാർ ഡിസ്പെൻസറി—കെട്ടിടം.

കടമ്പനാട്ടയിൽ പുതുതായി പണിചെയ്ത ഡിസ്പെൻസറി വാർഡും, അടിമാലിയിൽ പുതുതായി പണിഞ്ഞ ഡിസ്പെൻസറി കെട്ടിടവും പ്രവർത്തനമാരംഭിക്കുവാൻ കല്പന അയച്ചിട്ടുണ്ടു്.

(ബി) ഒന്നര കൊല്ലമായി.

(സി) വാർഡുകൾക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിക്കാനുള്ള പ്രകാരം കിട്ടാത്തതുകൊണ്ടും, കെട്ടിടങ്ങളുടെ മതിൽകെട്ടു് കിണർകുഴിപ്പിക്കുക മുതലായ ജോലികൾ പൂർത്തിയാക്കാത്തതുകൊണ്ടും;

(ഡി) ശരാശരി 360.

(ഇ) ഒന്നു്.

LIBRARY ARCHIVES Kerala Legislative Assembly